# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4976 30/06/2014ൽ മറുപടി നൽകേണ്ടിയിരുന്നത്

അന്തിമ മറുപടി

**പി.എസ്.സി റാങ്കുലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ നടപടി**

| ചോദ്യം : | ഉത്തരം : |
| --- | --- |
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ; | (എ) റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി തയ്യാറാക്കുന്നതിനായി പി.എസ്.സി.യിൽ നിലവിലുള്ള സെക്ഷനുകൾക്കു പുറമെ ആവശ്യമായ ഘട്ടങ്ങളിൽ 'സ്പെഷ്യൽ സെൽ' രൂപീകരിച്ച് നടപടികൾ പൂർത്തിയാക്കുന്നു. കൂടാതെ തെരഞ്ഞെടുപ്പ് നടപടികളുടെ പുരോഗതി വിലയിരുത്തുന്നതിനായി പി.എസ്.സി. Prioritisation Committee രൂപീകരിച്ച് എല്ലാ മാസവും നടപടികൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) ഇതിനുള്ള മാർഗ്ഗരേഖകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) ഇതിനുള്ള മാർഗ്ഗരേഖകൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ 27.01.2014ലെ 143/2014-ാം നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) ഉദ്യോഗാർത്ഥികളെ റാങ്ക് പട്ടികയിൽ താത്കാലിക അടിസ്ഥാനത്തിൽ ഉൾപ്പെടുത്തുന്ന രീതി അവസാനിപ്പിച്ച് അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങളാണ് പ്രസ്തുത മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (സി)യും (ഡി)യും<br>സംസ്ഥാന തലത്തിൽ ആസ്ഥാന ഓഫീസ് മുഖേന തെരഞ്ഞെടുപ്പ് നടത്തുന്ന 200ൽ കൂടുതൽ ഉദ്യോഗാർത്ഥികൾ ഉൾപ്പെടുന്ന ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ പ്രമാണ പരിശോധനയും വ്യക്തിഗത വെരിഫിക്കേഷനും അതാത് ജില്ലാ ഓഫീസുകളിൽ വച്ച് നടത്തി ഇന്റർവ്യൂവിന് മുൻപ് അപേക്ഷ നിരുപാധികമായി സ്വീകരിക്കുവാൻ കമ്മീഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിനാൽ റാങ്ക് പട്ടികയിൽ ഉദ്യോഗാർത്ഥികളെ താൽക്കാലികമായി ഉൾപ്പെടുത്തുന്ന രീതി അവസാനിപ്പിക്കുവാനാണ് കമ്മീഷൻ ലക്ഷ്യമിടുന്നത്. |
| (ഡി) ഇതിനായി എന്തെല്ലാം തയ്യാറെടുപ്പുകൾ പി.എസ്.സി. സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ ? | |

**സെക്ഷൻ ഓഫീസർ**